**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3880** **06-08-2021 - ൽ മറുപടിയ്ക്ക്**

**തീരദേശസംരക്ഷണത്തിന് കേന്ദ്രഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അതിർത്തി സംരക്ഷണം കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന കാര്യങ്ങളായതിനാൽ തീരദേശ സംരക്ഷണത്തിനായി കേന്ദ്രസർക്കാരിന്റെ പ്രത്യേക ഫണ്ട് അനുവദിച്ചു കിട്ടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | പ്രളയത്തിന്റെ ആഘാതം ലഘൂകരിക്കാനും നദികളുടെ സംരക്ഷണത്തിനുമായി സംസ്ഥാനങ്ങളെ സഹായിക്കാൻ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഫ്ളഡ് മാനേജ്മെന്റ് ആന്റ് ബോർഡർ ഏരിയാസ് പ്രോഗ്രാം (FMBAP). ഈ പദ്ധതിയിൽ തീരദേശ സംരക്ഷണ പ്രവൃത്തികളും ഉൾപ്പെടുന്നു. നിലവിൽ FMBAP യുടെ 2021-26 പ്ലാൻ രൂപീകരണ ഘട്ടത്തിലാണ്. FMBAP 12-ാം പ്ലാൻ 2012-17 വരെ ആയിരുന്നു. അതിനു ശേഷം നീതി ആയോഗ് സംസ്ഥാനങ്ങളുടെ ആവശ്യാനുസരണം FMBAP(2021-26 ) യുടെ റിപ്പോർട്ട് ജനുവരി 2021 -ൽ തയ്യാറാക്കിയിട്ടുണ്ട്. ജലസേചന വകുപ്പ് 338.55 കോടി രൂപയുടെ പ്രൊപ്പോസലുകൾ സെൻടൽ വാട്ടർ കമ്മീഷനു(CWC) സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതി പ്രഖ്യാപിക്കുമ്പോൾ മാത്രമേ സമർപ്പിച്ച പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി അനുമതിക്കായി സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | തീരദേശ സംരക്ഷണത്തിനായി നിലവിൽ കേന്ദ്ര സർക്കാർ പ്രത്യേകമായി ഫണ്ട് അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | തീരദേശ സംരക്ഷണത്തിനായി നിലവിൽ കേന്ദ്ര സർക്കാർ ഫണ്ടൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ